പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം : *33 28.02. 2017 ൽ മറുപടിക്ക്

## വൈദ്യുതി നിരക്ക വർദ്ധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.ടി.വി.ഇബ്രാഹീം<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്. | ശ്രീ.എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) വൈദ്യുതി നിരക്ക വർദ്ധന പരിഗണനയിലുണ്ടോ; എങ്കിൽ പരിഷ്കരണം ആവശ്യമാക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കമോ; | (എ) വൈദ്യുതി നിരക്കവർദ്ധനവ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ പരിഗണനയിലുണ്ട്. വൈദ്യുതി ബോർഡിന്റെ വരവ് ചെലവ് കണക്കുകൾ പരിശോധിച്ച് റവന്യൂ വിടവ് തിട്ടപ്പെടുത്തിയാണ് റഗുലേറ്ററികമ്മീഷൻ താരീഫ് പരിഷ്കരണം നടത്തേണ്ടത്. ഇതിന് പരിഗണിക്കേണ്ട ഘടകങ്ങൾ കേന്ദ്ര നിയമമായ വൈദ്യുതി നിയമം 2003 ലും മറ്റ നയങ്ങളിലും നിർവ്വചിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഓരോ വർഷത്തേയും റവന്യൂ വിടവിനോടൊപ്പം മുൻ വർഷങ്ങളിലെ സഞ്ചിത വിടവും താരിഫ് പരിഷ്കരണത്തിൽ പരിഗണിക്കേണ്ടതുണ്ട്. വൈദ്യുതി ഉപഭോഗം വർദ്ധിച്ച വരുന്നതും മഴക്കുറവുമൂലം വൈദ്യുതി ഉല്പാദനം കുറഞ്ഞതും വൈദ്യുതി വാങ്ങൽ ചെലവ് കൂട്ടുന്നതിന് കാരണമായിട്ടുള്ളതും താരീഫ് പരിഷ്കരണത്തിൽ പരിഗണിക്കേണ്ടതുണ്ട്. |
| (ബി) കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ വൈദ്യുതി നിരക്കകളിലുണ്ടായ വർദ്ധന സംബന്ധിച്ച വിവരം വെളിപ്പെടുത്തുമോ; | (ബി)കഴിഞ്ഞ സർക്കാരിന്റെ അഞ്ചു വർഷത്തിനിടയ്ക്ക് 3 പ്രാവശ്യം വൈദ്യുതി നിരക്ക് പരിഷ്കരിച്ചിട്ടുണ്ട്. 2012-13 – ൽ 1/7/2012 ൽ നടപ്പിലാക്കിയ നിരക്ക് വർദ്ധനവ് 24% ഉം, 2013-14 ൽ 1/5/2013 ൽ നടപ്പിലാക്കിയ നിരക്ക് വർദ്ധനവ് 9.1% ഉം, 2014-15 ൽ 16/8/2014 ൽ നടപ്പാക്കിയ നിരക്ക് വർദ്ധനവ് 6.7% ഉം ആയിരുന്നു. |
| (സി) ഈ കാലയളവിൽ വൈദ്യുതി ബോർഡിന്റെ ലാഭ നഷ്ടങ്ങൾ നിരക്ക പരിഷ്കരണത്തിന് കാരണമായിട്ടുണ്ടോ; വ്യക്തമാക്കമോ; ഉണ്ടെങ്കിൽ ലാഭനഷ്ടക്കണക്കം | (സി) വൈദ്യുതി ബോർഡിലെ നിരക്ക പരിഷ്കരണം, അതിന്റെ ലാഭ-നഷ്ടകണക്കിനെ മാത്രം ആശ്രയിച്ചല്ല കണക്കാക്കുന്നത്. ആയതിനാൽ ലാഭ-നഷ്ട കണക്കും നിരക്ക് പരിഷ്കരണവും തമ്മിൽ അനുപാതം നിർണ്ണയിക്കാൻ കഴിയില്ല. എന്നാൽ, കമ്മീഷൻ |

| | |
|---|---|
| നിരക്കു പരിഷ്കരണവും സംബന്ധി-ച്ചുള്ള അനുപാതം എതുവിധത്തിലാ ണെന്ന് വ്യക്തമാക്കുമോ? | നിരക്ക് വർദ്ധന പരിഗണിക്കുമ്പോൾ ലാഭ-നഷ്ട കണക്ക് കൂടി കണക്കിലെടുത്താണ് അന്തിമ തീരുമാനം കൈക്കൊള്ളുന്നത്.<br><br>വൈദ്യുതി നിയമം 2003 പ്രാബല്യത്തിൽ വന്നതിനു ശേഷം വൈദ്യുതി ബോർഡിന്റെ നിരക്ക് പരിഷ്കരണം നടത്തുന്നത് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനാണ്. വൈദ്യുതി ബോർഡിന്റെ വരവ് ചെലവുകൾ പരിഗണിച്ചാണ് നിരക്ക് നിശ്ചയിക്കുന്നത്. ടി നിരക്ക് നിശ്ചയിക്കുന്നതിന് കേന്ദ്ര നിയമം അനുശാസിക്കുന്ന മാനദണ്ഡങ്ങളുമുണ്ട്.<br><br>വൈദ്യുതി ബോർഡിന്റെ മുൻവർഷങ്ങളിലെ ആഡിറ്റ് ചെയ്ത കണക്ക് അനുസരിച്ച് സമർപ്പിച്ചിട്ടുള്ള ട്രൂയിംഗ് അപ്പ് പെറ്റീഷനും കൂടി പരിഗണിച്ചാണ് നിരക്ക് നിശ്ചയിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ